"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കേരളീയ പ്രവാസികാര്യ വകുപ്പ് - പൊതുഭരണ വകുപ്പിലെ അഡീഷണൽ സെക്രട്ടറി ശ്രീ. അജിത് കൊളാശ്ശേരിയുടെ നോർക്ക റൂട്ട്സ് ജനറൽ മാനേജർ തസ്തികയിലെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ചു നൽകി പുറപ്പെടുവിക്കുന്നു.

---

**കേരളീയ പ്രവാസികാര്യ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.313/2024/NORKA തീയതി,തിരുവനന്തപുരം, 03-04-2024

---

പരാമർശം:-
1. സ.ഉ.(സാധാ)നം. 1474/2022/പൊ.ഭ.വ. തീയതി 07.04.2022
2. സ.ഉ.(സാധാ)നം. 362/2023/നോർക്ക തീയതി 03.04.2023
3. നോർക്ക-റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 13.02.2024 തീയതിയിലെ റൂട്ട്സ്/137/2022-എൻ.ആർ.ഡി.1 നമ്പർ കത്ത്.

**ഉത്തരവ്**

പൊതുഭരണ വകുപ്പിലെ അഡീഷണൽ സെക്രട്ടറി ശ്രീ. അജിത് കൊളാശ്ശേരിയെ പരാമർശം (1) പ്രകാരം നോർക്ക-റൂട്ട്സ് ജനറൽ മാനേജർ തസ്തികയിൽ നിലവിലെ വ്യവസ്ഥൾക്ക വിധേയമായി ഒരു വർഷത്തേക്ക് അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ചിരുന്നു. തുടർന്ന്, പരാമർശം (2) പ്രകാരം ടിയാന്റെ അന്യത്രസേവന കാലാവധി 11/04/2023 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ചു നൽകുകയുണ്ടായി.

2. ശ്രീ. അജിത് കൊളാശ്ശേരിയുടെ അന്യത്രസേവന കാലാവധി 10/04/2024-ൽ അവസാനിക്കുന്നതിനാൽ പ്രസ്തുത കാലാവധി 11/04/2024 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (3) പ്രകാരം നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊതുഭരണ വകുപ്പിലെ അഡീഷണൽ സെക്രട്ടറി ശ്രീ. അജിത് കൊളാശ്ശേരിയുടെ നോർക്ക-റൂട്ട്സ് ജനറൽ മാനേജർ തസ്തികയിലെ അന്യത്രസേവന കാലാവധി, നിലവിലുള്ള അന്യത്രസേവന വ്യവസ്ഥകൾക്ക് വിധേയമായി, 11/04/2024 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ചു നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജയൻ ഭട്ടതിരി ടി
ഡെപ്യൂട്ടി സെക്രട്ടറി

1. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക-റൂട്ട്സ്, തിരുവനന്തപുരം
2. ശ്രീ. അജിത് കൊളാശ്ശേരി, ജനറൽ മാനേജർ, നോർക്ക-റൂട്ട്സ്, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരളം, തിരുവനന്തപുരം.
4. പൊതുഭരണ (സ്പെഷ്യൽ-ബി) വകുപ്പ് [14/03/2024 തീയതിയിലെ സ്പെഷ്യൽ-ബി2/51/2024-പൊ.ഭ.വ നമ്പർ കുറിപ്പ് പ്രകാരം]

5. നോർക്ക (ബി3) വകുപ്പ് (അറിവിലേക്കായി)
6. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്.
7. കരുതൽ ഫയൽ (B1/34/2024-NORKA) / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Githin S V
Date: 09-04-2024 10:20:18